**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1250** **01-02-2024 - ൽ മറുപടിയ്ക്ക്**

**മുട്ടുങ്ങൾ-നാദാപുരം–പക്രംതളം റോഡ് പ്രവൃത്തി പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം–പക്രംതളം റോഡിന്റെ എസ്റ്റിമേറ്റ് പ്രകാരം റോഡിന്റെ ഇരു വശത്തും ടൈലുകൾ വെച്ച് കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും പ്രധാന ഭാഗങ്ങളിൽ കൈവരി സ്ഥാപിക്കാനുമുള്ള പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കാനും നാളിതുവരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എ) | കിഫ്ബി മുഖേന സാമ്പത്തികാനുമതി ലഭിച്ച മുട്ടുങ്ങൽ നാദാപുരം പക്രംതളം റോഡിന്റെ ഒറിജിനൽ സ്കോപ്പിൽ ഉൾപ്പെട്ട റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഹാൻഡ് റെയിലിന്റെ അളവ് അപര്യാപ്തമായതിനാൽ റോഡിന്റെ ഇരു വശങ്ങളിലും ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവ സ്ഥാപിക്കുന്നതിന് അധികമായി വരുന്ന അളവുകൾ ഉൾപ്പെടുത്തി 4.576 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഒറിജിനൽ പ്രവൃത്തിയുടെ ബാക്കി തുകയിൽ ഉൾപ്പെടുത്തി ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുന്നതാണെന്നും ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതിനും കിഫ്ബിയിൽ നിന്നും നിർദ്ദേശിക്കുകയുണ്ടായി. അതിനാൽ ഒറിജിനൽ പ്രവൃത്തിയുടെ തുക, അംഗീകരിച്ച കോൺട്രാക്ട് തുകയിലേക്ക് ചുരുക്കുന്നതിനും ഇന്റർലോക്ക്, ഹാൻഡ് റെയിൽ എന്നിവയുടെ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി ഒരു പുതിയ കോൺട്രാക്ട് പാക്കേജ് ആയി കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ കെ.ആർ.എഫ്.ബി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ